





# നാട്ടിലെങ്ങും 'ജൈവിക'



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കാർഷിക മേഖലയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന പുതിയ സംരംഭങ്ങളെക്കുറിച്ചുള്ള ചിന്തയിൽ നിന്നാണ് 'ജൈവിക'യുടെ തുടക്കം. മികച്ചയിനം തൈകൾക്ക് ആവശ്യക്കാർ കൂടിവരികയാണെന്ന തിരിച്ചറിവും, സാധാരണക്കാർക്ക് വലിയ മുതൽ മുടക്കില്ലാതെ തുടങ്ങാൻ പറ്റുന്ന സംരംഭമാണ് പ്ലാന്റ് നേഴ്സറികൾ എന്ന് മനസ്സിലാക്കിയതും കുടുംബശ്രീയുടെ സ്വന്തം നേഴ്സറി ശൃംഖല 'ജൈവിക'യ്ക്ക് തുടക്കമിടുന്നതിലേക്ക് ഞങ്ങളെ നയിച്ചു.

കൃഷിയിൽ താത്പര്യമുള്ളവരും സ്വന്തമായോ പാട്ടത്തിനോ സ്ഥലമുള്ളവരുമായ സംരംഭകർക്ക് നേഴ്സറികൾ തുടങ്ങാനുള്ള പരിശീലനം ഞങ്ങൾ നൽകി. 2018ലാണ് ഈ പുതിയ ആശയം യാഥാർത്ഥ്യമാക്കിയത്. ഇപ്പോൾ, ഒന്നര വർഷം പിന്നിടുമ്പോൾ കേരളത്തിലെ പതിനാല് ജില്ലകളിലുമായി 395 'ജൈവിക' പ്ലാന്റ് നേഴ്സറികൾ തുടങ്ങിക്കഴിഞ്ഞു. മോശമല്ലാത്ത വരുമാനം പലർക്കും ലഭിച്ചു തുടങ്ങി.

‘ജൈവിക’ യുടെ അടുത്ത ഘട്ടത്തിലേക്കാണ് ഞങ്ങൾ ഇപ്പോൾ കടന്നിരിക്കുന്നത്. സംരംഭകർക്ക് അവസരം നൽകുക എന്ന ഘട്ടം കഴിഞ്ഞ് കൂടുതൽ വരുമാനം നേടാൻ അവരെ സഹായിക്കുക എന്ന തലത്തിലാണ് ഇപ്പോൾ കുടുംബശ്രീ ചിന്തിക്കുന്നത്. ഓരോ ‘ജൈവിക’ പ്ലാന്റ് നേഴ്സറികൾ നിന്നും പ്രതിമാസം 5000 രൂപയെങ്കിലും വരുമാനം ലഭിക്കാനായി ഓരോ സംരംഭകർക്കും പ്രത്യേകമായി കൈത്താങ്ങേകാൻ ഞങ്ങളുടെ ടീം ശ്രദ്ധിക്കുന്നു.

മികച്ച ഉത്പാദനം സാധ്യമാക്കുന്ന ഫലവൃക്ഷത്തൈകൾ മുതൽ അലങ്കാരച്ചെടികൾ വരെ ‘ജൈവിക’യിൽ ലഭ്യമാണ്. തൈകൾ തേടിയുള്ള അടുത്ത യാത്ര ജൈവികയിലേക്കാൻ നിങ്ങളെയോരോരുത്തരെയും ക്ഷണിക്കുന്നു. ‘ജൈവിക’യെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കാൻ ഈ ലിങ്കുകളിൽ ക്ലിക്ക് ചെയ്യാം.

http://www.kudumbashree.org/pages/671

http://www.kudumbashree.org/monitor-progress/205/1007